മോശയുടെ പേരിൽ അറിയപ്പെടുന്ന ആദ്യപുസ്തകങ്ങൾ വിശദമായി പഠിച്ചാൽ പല വിഭാഗീയചിന്താഗതിക്കാർ പല കാലഘട്ടങ്ങളിൽ എഴുതിയ വയാണ് അവയെന്നു മനസ്സിലാക്കാം. പല ചിന്താഗതികളെ പുസ്തകരൂപ ത്തിൽ ക്രോഡീകരിച്ചത് പുരോഹിതവർഗ്ഗമാണെന്നത് സുവ്യക്തം. പുരോ ഹിതവർഗ്ഗത്തിന്റെ സുഖലോലുപതയ്ക്ക് ഭംഗം വരാത്ത രീതിയിലാണ് യഹോവയുടെ പ്രവൃത്തികളെക്കുറിച്ചു വിശദീകരിച്ചിരിക്കുന്നത്. പുരോഹി തന്റെ വസ്ത്രത്തിലെ നൂലുപോലും ഏതുതരമെന്ന് നിർണ്ണയിക്കുന്ന യഹോവ കൊഴുപ്പും മേദസ്സുമുള്ള മൃഗത്തെത്തന്നെ ബലിയായി ആവശ്യപ്പെടുന്നു. ബലി ഭക്ഷിക്കുന്നത് യഹോവ അല്ല, പുരോഹിതരാണ്!

അതുപോലെ, ബ്രാഹ്മണൻ വേദവും ഉപനിഷത്തും എഴുതിയപ്പോൾ അവൻ ദൈവത്തേക്കാൾ ശക്തിമാനും മറ്റു മനുഷ്യരേക്കാൾ ഉത്തമനും ആയി മാറി. ബ്രാഹ്മണനായ പരശുരാമൻ ബ്രാഹ്മണർക്കുവേണ്ടി ഭൂമി പോലും സൃഷ്ടിച്ചു. മനുഷ്യന്റെ സംസ്കാരത്തിന്റെ തുടക്കം മുതലേ സംസ്കാരശൂന്യമായ നീചത്വം പ്രചരിപ്പിക്കപ്പെട്ടിരുന്നു. വിയർക്കാതെ ആഹാരം ഭക്ഷിക്കാനുള്ള തന്ത്രങ്ങൾ എല്ലാക്കാലത്തും പുരോഹിതർ ഉപ യോഗിക്കുന്നതായി കാണാം. അതിനാൽ വീഞ്ഞുകുടിയുടെ സുഖം ഉപേ ക്ഷിക്കാൻ വിമുഖത കാട്ടിയ പുരാണദൈവങ്ങളുടെ പുരോഹിതരാണ് നസ്രായന്റെ സഭയിൽ വീഞ്ഞുകുടി തുടങ്ങിയതും. വീഞ്ഞ് വാഴ്ത്തി യേശു ശിഷ്യർക്കു കൊടുത്തു എന്നതും ഇവർ ഉണ്ടാക്കിയ കഥ തന്നെ. ഈ കഥ യെ ന്യായീകരിക്കാൻ കാനാവിലെ കല്യാണത്തിന് അവർ യേശുവിനെ കൊണ്ട് വീഞ്ഞ് വാഴ്ത്തിച്ചു. ക്രിസ്തീയ സന്യാസിമഠങ്ങളിൽ നൂറ്റാണ്ടു കളായി വീഞ്ഞുണ്ടാക്കുന്നു എന്ന വസ്തുതയെ ഇതുമായി ചേർത്തു വായിക്കാവുന്നതാണ്.

യേശുവിന്റെ ചരിത്രവും യേശുവിന്റെ സമകാലികരുടെ ജീവിതരീതിയും വിശകലനം ചെയ്യുമ്പോൾ മാംസഭക്ഷണത്തിനുപകരം മത്സ്യഭക്ഷണത്തെ യേശു പ്രോത്സാഹിപ്പിച്ചിരിക്കാൻ സാധ്യതയുണ്ടെന്നു കാണാം. ഊസിറി സിന്റെ പുരാണങ്ങളിൽ, മത്സ്യം ഊസിറിസിന്റെ ലിംഗം ഭക്ഷിച്ചതോടുകൂടി മത്സ്യം ഭക്ഷിക്കുന്നത് ദൈവത്തെ ഭക്ഷിക്കുന്നതിന് സമാനമായി സങ്കല്പിക്കപ്പെട്ടുപോന്നു.

പല സംസ്കാരങ്ങളിലും മത്സ്യത്തിനു വളരെ ഉന്നതമായ സ്ഥാനം ഉണ്ടാ യിരുന്നെന്നു കാണാം. ജീവനെ പ്രതിനിധീകരിക്കുന്നത് മത്സ്യത്തിന്റെ രൂപ ത്തിലാണ്. മുക്കുവരാജാവ് ജീവന്റെ ഉറവിടവും സംരക്ഷകനുമാണ്. മഹാ ഭാരതത്തിൽ, മനുവിനോട് സംരക്ഷണം ചോദിച്ച മത്സ്യം വലിയ മത്സ്യമാ യി വളർന്ന് മഹാപ്രളയത്തിൽനിന്നും മനുവിനെ രക്ഷിക്കുന്നു. ഈ കഥ യോനാ പ്രവാചകന്റെ കഥയായി ആവർത്തിക്കുന്നു, മത്സ്യമാണ് യോനായെ രക്ഷിക്കുന്നതും. മഹാവിഷ്ണുവിന്റെ അവതാരങ്ങളിലൊന്ന് മത്സ്യമാണ്. അതിന്റെ പ്രതീകമായിട്ടാണ് ബുദ്ധസന്യാസിമഠങ്ങളിൽ ചെണ്ടയും ചേങ്ങി

ലയും മത്സ്യരൂപത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നത്. മഹായാന തിരുവെഴുത്തുകളിൽ ബുദ്ധനെ മീൻപിടുത്തക്കാരനായി ചിത്രീകരിച്ചിരിക്കുന്നതായി കാണാം. ദുഃഖപൂരിതമായ സംസാരസാഗരത്തിൽനിന്ന് മനുഷ്യനെ സ്വർഗീയപൂർണ്ണതയുടെ വെളിച്ചത്തിലേക്കു ചൂണ്ടയിട്ടുപിടിക്കുന്ന മുക്കുവനാണ് ബുദ്ധൻ. യേശുവിന്റെ ശിഷ്യരും പൊതുവെ മുക്കുവർ ആയിരുന്നു. ഇന്നുമുതൽ നിങ്ങൾ മനുഷ്യരെ പിടിക്കുന്നവരാകും എന്നു പറയുന്നുണ്ട് യേശു.

* * *

ചൈനയിലെ ബുദ്ധമതത്തിൽ കരുണയുടെയും രക്ഷയുടെയും ദേവത–അവലോകിതേശ്വര–യുടെ പ്രതിരൂപം മീനിന്റെ പുറത്തോ മീൻ കൈകളിൽ പിടിച്ചിരിക്കുന്നതോ ആയിട്ടാണ്. ഇന്ത്യയുടെയും ചൈനയുടെയും ബാബിലോണിയയുടെയും സംസ്കാരത്തിൽ മത്സ്യം വളരെ പരിശുദ്ധമായ സ്ഥാനം നേടിയിരുന്നു. എഴുത്തുവിദ്യയും കൃഷിയും മനുഷ്യന് നൽകിയ ഒയാനിസ് എന്ന മത്സ്യദൈവത്തെ എല്ലാ വിജ്ഞാനത്തിന്റെയും ഗുരുവും നാഥനുമായിട്ടാണ് ബാബിലോണിയർ കണക്കാക്കിയിരുന്നത്. പ്രപഞ്ചരഹസ്യങ്ങൾ ഉൾക്കൊള്ളുന്ന ഫുഹി എന്ന ചൈനീസ് ദൈവത്തിന് മത്സ്യത്തിന്റേതുപോലുള്ള വാലുണ്ട്. പല പുരാതനസംസ്കാരങ്ങളിലും ശവസംസ്കാരത്തിൽ മത്സ്യത്തിന് സ്ഥാനമുണ്ടായിരുന്നു. അധോലോക ജീവിതയാത്രയിൽ മത്സ്യം ഏറെ സഹായകരമാണ് എന്നൊരു വിശ്വാസമുണ്ടായിരുന്നു. മരണത്തിന്റെ ലോകത്തുനിന്നും മനുഷ്യനെ പുതുജീവനിലേക്കു നയിക്കുന്ന എല്ലാ ദൈവങ്ങളും പൊതുവെ മത്സ്യരൂപം ഉള്ളവരോ മത്സ്യവുമായി ബന്ധം പുലർത്തുന്നവരോ ആണ്. ഗ്രീക്ക്, റോമൻ പുരാണങ്ങളിലെ ഓർഫിയുസ് എന്ന ദേവൻ ഇതിന്റെ ഉദാഹരണമാണ്. പുറജാതികൾ ക്രിസ്ത്യാനികളായപ്പോൾ ഓർഫിയുസ് വിശ്വാസം കൂടെ കൊണ്ടുപോന്നു. സെമിറ്റിക് പുരാണങ്ങളിൽ അഡോനിസ് എന്ന മത്സ്യത്തെ കാണാം. എന്റെ നാഥൻ, എന്റെ കർത്താവ് എന്നർത്ഥമുള്ള ഇതേ പേരിൽ വളരെ പ്രചാരമുള്ള അഡോസിസ് ദേവനെയും കാണാം. ബാബിലോണിയരുടെ പ്രപഞ്ചശാസ്ത്രത്തിൽ ദൈവങ്ങൾ മുക്കുവരുടെ രൂപത്തിലാണ്. സുമേറിയൻ പുരാണങ്ങളിൽ തമുസ് എന്ന ദൈവം മീൻവലയുടെ നാഥൻ ആണ്. തമുസിന്റെ ആരാധന വളരെക്കാലം നിലനിന്നിരുന്നു. യിസ്രയേല്യരുടെ പ്രധാനദൈവങ്ങളിൽ ഒന്നായിരുന്നു തമുസ്. യേശുവും വലയും പന്ത്രണ്ട് സിംഹാസനങ്ങളിലിരുന്ന് ന്യായം വിധിക്കുന്ന മുക്കുവശിഷ്യരും (ദൈവങ്ങളും) ഈ പുരാണങ്ങളുടെ തുടർച്ചയാണ്.

ന്യായവിധിനാളിൽ മശിഹാ വീണ്ടും വരുമ്പോൾ 'മശിഹാവിരുന്നി'ൽ പ്രധാനവിഭവം മത്സ്യമാണ്. ലെവിയാഥൻ എന്ന വലിയ മത്സ്യത്തെ മശിഹാ പിടിച്ച് അനേകം കഷണങ്ങളാക്കി വിശ്വാസികൾക്കു വിതരണം ചെയ്യും. തെരഞ്ഞെടുക്കപ്പെട്ട പ്രത്യേകജനതയ്ക്ക് അപ്പവും മീനും വീഞ്ഞും ഉള്ള

വിരുന്നൊരുക്കി ദാവീദിന്റെ സിംഹാസനം വീണ്ടെടുക്കുമെന്നും അനുഗ്രഹങ്ങളുടെ പാനപാത്രം ദാവീദിന് കൊടുക്കുമെന്നും യഹൂദരിലെ മശിഹാ പ്രസ്ഥാനക്കാർ വിശ്വസിക്കുന്നു. ഈ വിരുന്നിനെ അനുകരിച്ച് ശാബദിലെ പ്രധാനവിഭവം മത്സ്യം ആണ്. എന്നാൽ യഹൂദരുടെ അടിമത്തകാലത്ത് മത്സ്യഭക്ഷണം ശാബദിൽനിന്നും വെള്ളിയാഴ്ചത്തേക്കു മാറ്റപ്പെട്ടു. അസ്ഥേരത്ത് ദേവതയുടെ ആരാധനയിൽ വെള്ളിയാഴ്ചയാണ് മത്സ്യഭക്ഷണം നടത്തിയിരുന്നത്. എന്നാൽ പതിനാറാം നൂറ്റാണ്ടിൽ സോളമൻ ലൂറിയ റാബി ഇതിനെ എതിർക്കുകയും വീണ്ടും മത്സ്യഭക്ഷണം ശാബദിലേക്ക് മാറ്റുകയും ചെയ്തു.

ആദിമക്രിസ്തീയസഭയിലെ കുർബാനയും മത്സ്യകുർബാന ആയിരുന്നു. ഗുഹകളിലെ കല്ലറകളുടെ പുറത്ത് ഇതിന്റെ അനേകം ചിത്രങ്ങൾ കാണാം. മത്സ്യവും അപ്പവും വീഞ്ഞും കുർബാനയായി അർപ്പിച്ചിരുന്നു. മദ്ധ്യധരണ്യാഴി പ്രദേശങ്ങളിലെ രഹസ്യപ്രസ്ഥാനക്കാരുടെ ആരാധനയിലും ആരാധനയ്ക്കുശേഷമുള്ള സമൂഹവിരുന്നിലും മത്സ്യം പ്രധാന പങ്ക് വഹിച്ചിരുന്നു. പൗരാണിക നാടൻ മതങ്ങളും യഹൂദരും ആദിമക്രിസ്ത്യാനികളും പൊതുവെ മത്സ്യാരാധന നടത്തിയിരുന്നു. യേശു നടത്തിയ വിരുന്നിലും അപ്പവും മീനും ആയിരുന്നു വിഭവങ്ങൾ എന്നത് ഓർക്കുക. യേശു ഉയർത്തെഴുന്നേറ്റശേഷം ശിഷ്യർക്ക് പാകം ചെയ്തു നൽകിയതും മത്സ്യമായിരുന്നു.

റോമൻ സാമ്രാജ്യം ക്രിസ്തുമതം പ്രചരിപ്പിക്കുവാൻ തുടങ്ങിയതിനു മുമ്പുള്ള കാലഘട്ടംവരെ അസ്ഥേരത്ത് ദേവതയുടെ ആരാധന ഏറെ പ്രചാരത്തോടെ നിലനിന്നിരുന്നു. ഈശദേവതയുടെ മെഡിറ്ററേനിയൻ പതിപ്പാണ് അസ്ഥേരത്ത് എന്നനുമാനിക്കാം. അസ്ഥേരത്തിന്റെ ക്ഷേത്രങ്ങൾക്കുചുറ്റും അനേകം മത്സ്യങ്ങളെയും പ്രാവുകളെയും വളർത്തിയിരുന്നു. തികഞ്ഞ ഭക്തിയോടെയാണ് വിശ്വാസികൾ ഇവയെ പരിപാലിച്ചിരുന്നത്. ദേവതയുടെ ആത്മാവിന്റെയും ശരീരത്തിന്റെയും പ്രതിരൂപങ്ങളായിരുന്ന ഇവയെ ഉപദ്രവിക്കുന്നവരെ ദേവത കഠിനമായി ശിക്ഷിക്കും എന്നായിരുന്നു വിശ്വാസം. വെള്ളിയാഴ്ചകളിൽ അസ്ഥേരത്തിന്റെ പുരോഹിതർ പരിശുദ്ധമായ മത്സ്യഭക്ഷണം ഉണ്ടാക്കുകയും ദേവതയുടെ ശരീരമായി വിശ്വാസികൾക്കു വിളമ്പുകയും ചെയ്തിരുന്നു. അടിമകളായിരുന്ന യഹൂദരുടെ മത്സ്യഭക്ഷണത്തിന്റെ ദിവസം മാറ്റിയതിന്റെ കാരണവും അസ്ഥേരത്തിന്റെ ആരാധനയാണ്. വീനസ് ദേവതയുടെ ആരാധനയിലും മത്സ്യകുർബ്ബാന നടത്തിയിരുന്നു. ദേവതയുടെ ശരീരമായ മത്സ്യം ഭക്ഷിക്കുന്നതോടുകൂടി വിശ്വാസികൾക്ക് പരമാനന്ദവും മോക്ഷവും മാത്രമല്ല ദിവ്യശക്തിയും ലഭിക്കുന്നു എന്നായിരുന്നു വിശ്വാസം.

ഗുഹകളിൽ കാണുന്ന പുരാതന കല്ലറകളിലും യഹൂദരുടെയും

ക്രിസ്ത്യാനികളുടെയും ഗ്രീക്ക്, റോമൻ പ്രദേശങ്ങളിലെ കല്ലറകളിലും മത്സ്യത്തിന്റെയും പ്രാവിന്റെയും രൂപങ്ങൾ കാണുന്നതിന്റെ പിന്നിലും അസ്ഥേഠരത്തിന്റെ ആത്മാവും ശരീരവും അവരെ കാത്തുരക്ഷിക്കുന്നു എന്ന വിശ്വാസമായിരുന്നു. അസ്ഥേഠരത്തിന്റെ ആത്മാവിന്റെ പ്രതിരൂപമായ പ്രാവ് ക്രമേണ ക്രിസ്ത്യാനികളുടെ പരിശുദ്ധാത്മാവായി മാറുകയും ചെയ്യുന്നുണ്ട്. ചരിത്രവസ്തുതകളുടെ വെളിച്ചത്തിൽ ക്രിസ്ത്യാനികളുടെ കുർബാന മത്സ്യകൂർബാന ആയിരിക്കണം. അസ്ഥേഠരത്തിന്റെ ആരാധനയും വീന സിന്റെ ആരാധനയും ഊസിറിസ് ആരാധന പോലെതന്നെ ശക്തിയുള്ളവ ആയിരുന്നു. യഹൂദവിരോധത്തിൽനിന്ന് തുടങ്ങിയ ക്രിസ്തുമതത്തിന് യഹൂദരുടെ മശിഹാവിരുന്നുമായി ബന്ധമില്ല എന്നു കാണിക്കുവാനായിരിക്കണം ക്രൈസ്തവആരാധനയിൽനിന്ന് മത്സ്യം ഒഴിവാക്കിയത് എന്നനുമാനിക്കാം.

CE 380-ൽ തിയഡോഷ്യൻ എന്ന റോമൻ ചക്രവർത്തി ഊസിറിസിന്റെയും മറ്റും പൗരാണികദൈവങ്ങളുടെയും ആരാധന പൂർണ്ണമായി നിരോധിച്ചു. ഈ ദൈവങ്ങളുടെ ആരാധനാലയങ്ങൾ നശിപ്പിക്കപ്പെടുകയോ ക്രിസ്തീയദേവാലയങ്ങളായി പരിവർത്തനപ്പെടുകയോ ചെയ്തു. ആരാധകരെ ബലാൽക്കാരമായി ക്രിസ്തുമതത്തിലേക്കു ചേർക്കുകയും ചെയ്തു. ക്രമേണ, ആറാം നൂറ്റാണ്ടോടുകൂടി ഊസിറിസ് ആരാധന അപ്രത്യക്ഷമാകുകയാണുണ്ടായത്.